**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 17.05.2023

## "കൈക്കൂലി വാങ്ങുന്നതിനിടയിൽ കൃഷി ഓഫീസർ വിജിലൻസ് പിടിയിൽ"

ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തി ശുപാർശ നൽകുന്നതിനായി 25,000/-രൂപ കൈക്കൂലി വാങ്ങവെ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി കൃഷിഓഫീസർ എസ്.ഉണ്ണികൃഷ്ണപിള്ളയെ ഇന്ന് (17.05.2023) വിജിലൻസ് അറസ്റ്റ് ചെയ്തു.

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി സ്വദേശിയായ പരാതിക്കാരിയുടെയും, മകളുടെയും പേരിൽ ചിറ്റണ്ട വില്ലേജിലുള്ള ഒരേക്കറോളം ഭൂമി തരം മാറ്റുന്നതിനായി കഴിഞ്ഞവർഷം നവംബർ മാസത്തിലും, 2023 ജനുവരിയിലും ഓൺലൈനായി അപേക്ഷ സമർപ്പിച്ചിരുന്നു. രണ്ടാമത്തെ അപേക്ഷ ലഭിച്ചതിനെ തുടർന്ന് ജനുവരിയിൽ കൃഷി ഓഫീസറായ ഉണ്ണികൃഷ്ണപിള്ള സ്ഥലപരിശോധന നടത്തിയ ശേഷം ഭൂഉടമയായ പരാതിക്കാരിയെ ഫോണിൽ വിളിച്ച് 25,000/- രൂപ കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെട്ടു. കൈക്കൂലി നൽകാൻ തയ്യാറാകാത്തതിനാൽ അപേക്ഷയിന്മേൽ ഉണ്ണികൃഷ്ണപിള്ള തുടർനടപടികൾ സ്വീകരിക്കാതെ വച്ച് താമസിപ്പിക്കുകയും ചെയ്തു. പരാതിക്കാരി പല പ്രാവശ്യം ഫോൺ അന്വേഷിച്ചപ്പോഴെല്ലാം ഓരോ കാരണങ്ങൾ പറഞ്ഞ് ഉണ്ണികൃഷ്ണപിള്ള ഒഴിഞ്ഞുമാറുകയാണ് ചെയ്തുവന്നിരുന്നത്. തുടർന്ന് ഇക്കഴിഞ്ഞ ദിവസം വീണ്ടും പരാതിക്കാരി വിളിച്ചപ്പോൾ 25,000/- രൂപ നൽകിയാൽ മാത്രമേ വസ്തു ഇനം മാറ്റുവാൻ സാധിക്കുകയുള്ളൂ എന്ന് കൃഷിഓഫീസർ അറിയിച്ചു. അപ്പോൾ പരാതിക്കാരി 10,000/- രൂപ പോരെ എന്ന് ചോദിച്ചപ്പോൾ 25,000/- രൂപ വേണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്തു. ഗത്യന്തരമില്ലാതെ പരാതിക്കാരി ഈ വിവരം തൃശ്ശൂർ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. ജിം പോളിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കെണി ഒരുക്കി ഇന്ന് (17.05.2023) രാവിലെ 10.15 മണിയോടെ എരുമപ്പെട്ടി കൃഷി ഓഫീസിൽ വച്ച് പരാതിക്കാരിയിൽ നിന്നും 25,000/-രൂപ കൈക്കൂലി വാങ്ങവെ

ഉണ്ണികൃഷ്ണപിള്ളയെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കി.

വിജിലൻസ് സംഘത്തിൽ, വിജിലൻസ് തൃശ്ശൂർ യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ജിം പോളിനെ കൂടാതെ പോലീസ് ഇൻസ്പെക്ടറായ ശ്രീ. പ്രദീപ്കുമാർ, അസി. പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ.ബൈജു, ശ്രീ.പ്രദീപ്കുമാർ, സി.പി.ഒ മാരായ ശ്രീ.വിബീഷ്., ശ്രീ.സൈജുസോമൻ, ശ്രീ.അരുൺ, ശ്രീ.സുധീഷ്, രഞ്ജിത്ത്, ഗണേഷ്, ശ്രീമതി സന്ധ്യ ഡ്രൈവർമാരായ ബിജി , രതീഷ് എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.